

# ദുർബല ഹദീസുകളെ കുറിച്ചൊരു ഗ്രന്ഥം

*സിൽസിലത്തുൽ അഹാദീസി ദ്ദഈഫ വൽ മൗദൂഅ വ അസറുഹാസ്സയ്യിഉ ഫിൽ ഉമ്മ* – നാസിറുദ്ദീൻ അൽബാനിയുടെ പ്രസിദ്ധ കൃതിയാണ്. 'ദുർബലവും വ്യാജ നിർമിതങ്ങളുമായ ഹദീസുകളും സമൂഹത്തിൽ അതിന്റെ ദുസ്സ്വാധീനവും' എന്നാണിതിന്റെ അർഥം. അഞ്ചു വാല്യങ്ങളുള്ള ബൃഹദ് ഗ്രന്ഥമാണിത്.

*അത്തമദ്ദുനുൽ ഇസ്‌ലാമി* മാസികയിൽ അദ്ദേഹം ഇതുസംബന്ധമായി എഴുതി വന്ന ലേഖന പരമ്പരയുടെ ഗ്രന്ഥരൂപമാണിത്. ആദ്യ പതിപ്പിനെഴുതിയ ആമുഖത്തിൽ ദുർബലവും വ്യാജവുമായ ഹദീസുകളെക്കുറിച്ച് പൂർവിക പണ്ഡിതന്മാർ നടത്തിയ അന്വേഷണ പഠനങ്ങളെയും, ഇന്ന് അത് തുടരേണ്ടതിന്റെ അനിവാര്യതയെയും കുറിച്ച് അദ്ദേഹം സൂചിപ്പിക്കുന്നു. രണ്ടാം പതിപ്പിന് പ്രത്യേകമായെഴുതിയ ആമുഖത്തിൽ തനിക്കെതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങൾക്കുള്ള വിശദമായ മറുപടി നൽകുന്നുണ്ട് അൽബാനി.

ദുർബലമെന്ന് അഭിപ്രായമുള്ള ഹദീസുകൾ ഉദ്ധരിക്കുകയും അവയുടെ നിവേദകന്മാരെയും പാഠങ്ങളെയും വിശകലനം ചെയ്യുകയുമാണ് അൽബാനിയുടെ രീതി. നിവേദകന്മാരുടെ ബലാബലം പരിശോധിച്ച് അവരിൽ ആരൊക്കെ എന്തൊക്കെ കാരണത്താൽ അസ്വീകാര്യരാകുന്നുവെന്ന് അദ്ദേഹം വിശദീകരിക്കുന്നു. തുടർന്ന് ഹദീസിലെ വാക്കുകളും ആശയങ്ങളും വിശകലനം ചെയ്യുന്നു. ആശയപരമായ ദൗർബല്യങ്ങളാലോ ആയത്തുകളുടെയോ പ്രബലമായ ഹദീസുകളുടെയോ ആശയങ്ങൾക്കു വിരുദ്ധമാകുന്നതിനാലോ അവ തള്ളിക്കളയാവുന്നതാണെന്ന് അദ്ദേഹം സമർഥിക്കുന്നു. ഒട്ടേറെ വിമർശനങ്ങൾക്ക് വിധേയമായിട്ടുള്ള കൃതിയാണിത്.